# സി അച്യുതമേനോൻ മഹാനായ കമ്മ്യൂണിസ്റ്റ് നേതാവ്

**2011 ആഗസ്റ്റ് 15**



സമാരാധ്യനായ കമ്മ്യൂണിസ്റ്റ് നേതാവും സ്വാതന്ത്ര്യസമര സേനാനിയും ക്രാന്തദർശിയായ ഭരണാധികാരിയുമായിരുന്നു സി അച്യുതമേനോൻ. ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ നിസ്തൂലമായ സ്ഥാനമാണദ്ദേഹത്തിനുള്ളത്. കേരള പിറവിക്കുശേഷം സംസ്ഥാനം കൈവരിച്ച മൗലിക പ്രാധാന്യമുള്ള മിക്ക നേട്ടങ്ങളുടെയും പിന്നിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും ഭരണപാടവവും തെളിഞ്ഞുകാണാം.

പഠനത്തിലും ഫുട്ബോൾ കളിയിലും സാമർഥ്യം കാട്ടിയിരുന്ന അച്യുതമേനോൻ റാങ്കോടുകൂടിയാണ് മദ്രാസ് സർവ്വകലാശാലയിൽ നിന്നും നിയമബിരുദം നേടിയത്. കോൺഗ്രസ് പ്രവർത്തകനായി സജീവ രാഷ്ട്രീയക്കാരനായതോടെ അഭിഭാഷക ജോലി ഉപേക്ഷിച്ചു. കൊച്ചിൻ ജില്ലാ കോൺ ഗ്രസ് കമ്മിറ്റി സെക്രട്ടറി, കെ പി സി സി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. അയിത്തത്തിനും ജന്മിത്വത്തിനുമെതിരായ സമരങ്ങൾക്കദ്ദേഹം നേതൃത്വം നൽകി. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായുള്ള പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത് പലതവണ ജയിൽവാസമനുഭവിച്ചു. ജയിൽവാസത്തിനിടയിലാണ് അദ്ദേഹം കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായത്. 1943 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തകനായി. പാർട്ടിയുടെ കൊച്ചിൻ സ്റ്റേറ്റ് കമ്മിറ്റിയുടെ ആദ്യ സെക്രട്ടറിയായിരുന്നു. തിരു-കൊച്ചി കമ്മിറ്റിയുടെയും കേരള സംസ്ഥാന കമ്മിറ്റിയുടെയും സെക്രട്ടറി, കേന്ദ്ര സെക്രട്ടേറിയറ്റ് അംഗം തുടങ്ങിയ നിലകളിൽ ദീർഘകാലം അദ്ദേഹം പാർട്ടിയെ നയിച്ചു.

പാർലമെന്ററി പ്രവർത്തനത്തിൽ ദീർഘനാളത്തെ അനുഭവ സമ്പത്തുള്ള നേതാവായിരുന്നു അച്യുതമേനോൻ. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടതിനെ തുടർന്ന് ഒളിവിൽ കഴിയവെ 1949-ൽ തൃശൂർ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ചുകൊണ്ടായിരുന്നു തുടക്കം. അറസ്റ്റ് വാറണ്ടുണ്ടായിരുന്നതിനാൽ കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. 1952-ൽ തിരു-കൊച്ചി നിയമസഭാ തിരഞ്ഞെടുപ്പിലും ഒളിവിൽ കഴിഞ്ഞുകൊണ്ടുതന്നെ മത്സരിക്കുകയും വലിയ ഭൂരിപക്ഷത്തോടെ വിജയിക്കുകയും ചെയ്തു. 1957, 1960, 1970 വർഷങ്ങളിൽ കേരള നിയമസഭയിലേക്കും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1968-ൽ രാജ്യസഭാംഗമായ അദ്ദേഹം 1969- ൽ പാർട്ടി നിർദേശിച്ചതനുസരിച്ച് മുഖ്യമന്ത്രി പദമേറ്റെടുക്കാൻ വേണ്ടി സ്ഥാനം രാജിവച്ചു.

പ്രഗൽഭനായ ഭരണാധികാരിയെന്ന നിലയിൽ ഏവരും ആദരിക്കുന്ന നേതാവാണ് അച്യുതമേനോൻ. കേരളത്തിന്റെ വികസനത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. കേരള പിറവിക്ക് തൊട്ടുമുമ്പ്, സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുള്ള ഒരു രൂപരേഖ 1956-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാക്കിയിരുന്നു. ഐശ്വര്യപൂർണമായ കേരളം കെട്ടിപ്പടുക്കാനുള്ള പ്രസ്തുത പരിപാടി തയ്യാറാക്കിയത് അച്യുതമേനോനായിരുന്നു. 1957-ലെ തിരഞ്ഞെടുപ്പിൽ പാർട്ടി ജനങ്ങളെ സമീപിച്ചത് ആ പരിപാടിയുടെ അടിസ്ഥാനത്തിലായിരുന്നു. 1957-ലും തുടർന്നും കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലും പങ്കാളിത്തത്തിലും കേരളത്തിൽ അധികാരത്തിൽ വന്ന മന്ത്രിസഭകൾക്ക് മാർഗദീപമായി അതു മാറി.



1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനോടൊപ്പം

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ അധികാരമേറ്റ 1957-ലെ ഗവണ്മെന്റിൽ ധനമന്ത്രിയായിരുന്നു അച്യുതമേനോൻ. സാമ്പത്തിക വിദഗ്ധരുടെ കാഴ്ചപ്പാടിൽ സംസ്ഥാന ചരിത്രത്തിലെ മികച്ച ബജറ്റുകൾ ആയി നിലകൊള്ളുന്നു അദ്ദേഹം അവതരിപ്പിച്ച ബജറ്റുകൾ. വിമോചന സമരക്കാലത്ത് സംസ്ഥാനത്ത് ക്രമസമാധാന നില വഷളായപ്പോൾ ആഭ്യന്തര വകുപ്പിന്റെ കൂടി ചുമതല പാർട്ടി നിർദേശപ്രകാരം അദ്ദേഹം ഏറ്റെടുത്തു. ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ചുമതല കൂടി പാർട്ടിയുടെ സംസ്ഥാന നേതൃത്വം അച്യുതമേനോനെ ഏൽപിച്ചു. അധികാരമേറ്റ സന്ദർഭത്തിൽ പാർട്ടി മുൻഗണന നൽകിയത് ഭൂ പരിഷ്കരണത്തിനായിരുന്നു. ഇതിനുള്ള കരട് നിയമം തയ്യാറാക്കാൻ പാർട്ടി നിയോഗിച്ച സബ് കമ്മിറ്റിയുടെ കൺവീനറായിരുന്നു അദ്ദേഹം. നിയമം നടപ്പാക്കാനുള്ള സാവകാശം അന്നത്തെ ഗവണ്മെന്റിനു ലഭിച്ചില്ല. ജന്മിത്വത്തിന്റെ അന്ത്യം കുറിച്ചു കൊണ്ട് സമഗ്രമായ ഭൂപരിഷ്കരണ നിയമം 1970 ജനുവരി ഒന്നിന് നടപ്പാക്കിയത് അച്യുതമേനോൻ മുഖ്യമന്ത്രിയായ ഗവണ്മെന്റായിരുന്നുവെന്നത് ചരിത്രത്തിന്റെ നിയോഗമായിരിക്കാം.

1969 ഒക്ടോബർ ഒന്നു മുതൽ 1977 മാർച്ച് വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് നടപ്പാക്കിയ പരിപാടികൾ കേരളത്തിന്റെ മുഖഛായ മാറ്റിയെന്ന് നിസംശയം പറയാൻ കഴിയും. കേരളത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന ശാസ്ത്ര-സാങ്കേതിക-ഗവേഷണ സ്ഥാപനങ്ങളായ ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, കാർഷിക സർവ്വകലാശാല, വനഗവേഷണ കേന്ദ്രം, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സി ഡബ്ല്യു ആർ ഡി എം തുടങ്ങി നിരവധി സ്ഥാപനങ്ങൾ ആരംഭിച്ചു. സങ്കുചിത കക്ഷി താൽപര്യങ്ങൾക്കതീതനായ ഭരണാധികാരിയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താൽപര്യം മാത്രമേ അദ്ദേഹം പരിഗണിച്ചുള്ളൂ.



1957–ലെ അച്യുതമേനോൻ. മന്ത്രിസഭ



1971–ലെ  അച്യുതമേനോൻ മന്ത്രിസഭ

കേരളം കണ്ട ഏറ്റവും മികച്ച മുഖ്യമന്ത്രി ആരെന്ന ചോദ്യത്തിന് രാഷ്ട്രീയ എതിരാളികൾ പോലും നൽകുന്ന ഏക ഉത്തരമാണ് അച്യുതമേനോൻ. താൻ നയിച്ച ഗവണ്മെന്റിനെ വീണ്ടും വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലേറ്റാൻ കഴിഞ്ഞ മുഖ്യമന്ത്രിയെന്ന ഖ്യാതിയും അച്യുതമേനോന് അവകാശപ്പെട്ടതാണ്. ഒരുതവണ കൂടി മുഖ്യമന്ത്രിയാകാൻ അദ്ദേഹത്തിൻ ഒരു തടസവും ഉണ്ടാകുമായിരു ന്നില്ല. എന്നാൽ അധികാര രാഷ്ട്രീയത്തോട് അദ്ദേഹം വിട പറഞ്ഞു.

പ്രതിപക്ഷ നിരയിലിരിക്കുമ്പോഴും അനുകരണീയമായ പ്രവർത്തന ശൈലിയാണ് അച്യുതമേനോൻ കാഴ്ചവച്ചത്. 1960–ലെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രതിപക്ഷത്തായിരുന്നപ്പോൾ ഉപനേതാവായിരുന്നു അച്യുതമേനോൻ. പ്രതിപക്ഷ നേതാവായിരുന്ന ഇ എം എസ് പാർട്ടി കേന്ദ്ര കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അധിക സമയവും ഡൽഹിയിലായിരുന്നതിനാൽ പ്രതിപക്ഷത്തെ നയിച്ചത് അച്യുതമേനോനായിരുന്നു. ഭരണപക്ഷത്തിന്റെ ഏതു നടപടിയേയും കണ്ണുമടച്ച് എതിർക്കുന്ന സമീപനം അദ്ദേഹം സ്വീകരിച്ചില്ല.

ഏതെങ്കിലും രാജ്യത്തിന്റെ അന്ധമായ അനുകരണമല്ല സോഷ്യലിസത്തിലേക്കുള്ള ഇന്ത്യയുടെ പാതയെന്ന് ഉറച്ചു വിശ്വസിച്ച കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു അച്യുതമേനോൻ. ജനാധിപത്യ

ത്തേയും സോഷ്യലിസത്തേയും സമന്വയിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു.

സോഷ്യലിസ്റ്റ് ലോകത്തിന്റെ നിലനിൽപിന് ആവശ്യമാണെന്ന ന്യായം പറഞ്ഞുകൊണ്ട് ഹംഗറിയിലും (1956) ചെക്കോസ്ലാവാക്യയിലും (1968) സൈനികമായ സോവിയറ്റ് ഇടപെടൽ ഉണ്ടായപ്പോൾ അതിനോടുള്ള ശക്തമായ വിയോജിപ്പ് അച്യുതമേനോൻ പാർട്ടിയിൽ രേഖപ്പെടുത്തി. ജനാധിപത്യത്തിന് കൂടുതൽ മുൻതൂക്കം നൽകി, സുതാര്യമാംവിധം പ്രവർത്തിക്കുന്ന ഭരണശൈലി എന്ന അർഥത്തിൽ പെരിസ്ട്രോയിക്കയേയും ഗ്ലാസ്നോസ്തിനെയും അദ്ദേഹം പിന്തുണച്ചു. അതേകാരണങ്ങളാൽ തന്നെ അദ്ദേഹം യൂറോ കമ്മ്യൂണിസം എന്ന ആശയത്തെയും പിന്തുണച്ചു. സോഷ്യലിസം നടപ്പാക്കുന്നതിന്റെ പ്രക്രിയയിൽ ജനാധിപത്യത്തിന്റെ പങ്കും വിയോജിക്കുവാനുള്ള മൗലിക അവകാശവും അംഗീകരിക്കപ്പെടണമെന്ന അദ്ദേഹത്തിന്റെ ഉറച്ച നിലപാടായിരുന്നു അതിന്റെ പിന്നിൽ. അവയൊക്കെ നിഷേധിച്ചുകൊണ്ട് വളരെക്കാലം മുന്നോട്ടുപോകാൻ കഴിയില്ല എന്ന തിരിച്ചറിവിൽ നിന്നും രൂപപ്പെട്ടതായിരുന്നു പ്രസ്തുത നിലപാട്.

രാഷ്ട്രീയ പ്രവർത്തകരെക്കുറിച്ചുള്ള പതിവു ധാരണകളിൽ നിന്നും വ്യത്യസ്തനായിരുന്നു അദ്ദേഹം. സാഹിത്യത്തിലും കലകളിലും അവഗാഢമായ അറിവുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരു സാഹിത്യ വിമർശകൻ കൂടിയായിരുന്ന അച്യുതമേനോൻ വിവിധ വിഷയങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവ് അസൂയാവഹമായിരുന്നു. ശാസ്ത്രീയ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിനും അച്യുത മേനോൻ നിൽകിയ സംഭാവന കൾ അളവറ്റതാണ്. തികഞ്ഞ ലാളിത്യം അച്യുതമേനോന്റെ മുഖമുദ്രയായിരുന്നു. തൃശൂരിലെ തേക്കിൻകാട് മൈതാനത്ത് സായാഹ്നങ്ങളിൽ സാധാരണക്കാർക്കൊപ്പം ഇരിക്കുന്ന, വീട്ടാവശ്യങ്ങൾക്ക് കടയിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ പൊതിക്കെട്ടുകൾ കൈകളിലേന്തി നടന്നു പോകുന്ന മുൻ മുഖ്യമന്ത്രി ഏവരിലും കൗതുകമോ അദ്ഭുതമോ ഉണർത്തിയിരുന്നു.



**തേക്കിൻ കാട് മൈതാനത്ത് സായാഹ്നങ്ങളിൽ സാധാരണക്കാർക്കൊപ്പം**

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം രൂപംകൊണ്ട പുതിയ ലോകത്ത് വന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ്, അതിന്റെ പുരോഗ മന പരമായ ഉള്ളടക്കവും അതു സൃഷ്ടിക്കുന്ന അപാരമായ സാധ്യതകളും ഉൾക്കൊണ്ടുകൊണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ലോകത്തും ഇന്ത്യയിലും നയരൂപീകരണം നടത്തണ മെന്ന ഉറച്ച നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അതിനുവേണ്ടി അദ്ദേഹം തന്റേതായ രീതിയിൽ പാർട്ടിക്കകത്തും പുറത്തും പോരാട്ടവും നടത്തിയിട്ടുണ്ട്. ആധുനിക കാലഘട്ടത്തിന്റെ സാധ്യത കളും വെല്ലുവിളികളും തിരിച്ചറിഞ്ഞ മഹാനായ ഒരു കമ്മ്യൂണിസ്റ്റ് നേതാവാ യിരുന്നു അച്യുതമേനോൻ.